# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 467      08-08-2017 ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **ഡോ.ടി.എം.തോമസ് ഐസക്**<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

### കേന്ദ്ര ബജറ്റ് പ്രകാരം കേരളത്തിന് 2017-18ൽ ലഭിക്കുന്ന തുക

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | 2017-18 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് പ്രകാരം കേരളത്തിന് 2017-18ൽ ലഭിക്കുമെന്ന് കരുതാവുന്ന തുക ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വിശദമാക്കുമോ; | 2017-18 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം, ധനസഹായം എന്നീ ഇനങ്ങളിൽ യഥാക്രമം 16891.75 കോടി രൂപയും 11243.71 കോടി രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2017-18ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം ഓരോ ഇനത്തിലും എത്ര കോടി രൂപ വീതമായിരിക്കുമെന്ന് വിശദമാക്കുമോ; | |
| (സി) | 2016-17ൽ സംസ്ഥാനം കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിച്ചിരുന്ന തുക ഓരോ ഇനത്തിലും എത്രയായിരുന്നു; അതിൽ കുറവ് വന്നത് ഏതെല്ലാം ഇനത്തിലാണെന്നും വർദ്ധന വന്നത് ഏതെല്ലാം ഇനത്തിലാണെന്നും വ്യക്തമാക്കുമോ; | 2016-17 സാമ്പത്തിക വർഷം സംസ്ഥാനം കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിച്ചിരുന്ന തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഓരോ ഇനത്തിലും ലഭ്യമായ തുകയും ചുവടെ ചേർക്കുന്നു: (പട്ടിക താഴെ) |
| (ഡി) | 2017-18 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിലെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന ഗ്രാന്റുകളിലും നികുതികളിലും കുറവ് വരുന്ന ഇനങ്ങൾ ഏതൊക്കെയാണെന്നും വർദ്ധന ഉണ്ടാകാൻ സാധ്യതയുള്ള ഇനങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ? | ചരക്ക് സേവന നികുതി പ്രാവർത്തികമായതോടുകൂടി വിവിധ കേന്ദ്ര നികുതി വിഹിതങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായേക്കാം. ഇത് സംബന്ധിച്ച കണക്കുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടു കൂടി മാത്രമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |

**(തുക കോടിയിൽ)**

| *ഇനം* | *പ്രതീക്ഷിച്ച തുക* | *ലഭ്യമായ തുക* |
|---|---|---|
| കേന്ദ്ര നികുതി വിഹിതം | 14282.00 | 15225.02 |
| കേന്ദ്ര ധനസഹായം | 11361.72 | 8510.37 |

**സെക്ഷൻ ഓഫീസർ**